"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - നിയമ വകുപ്പിലെ അണ്ടർ സെക്രട്ടറി തലം മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർക്ക് സ്ഥലംമാറ്റം / നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2494/2026/GAD തീയതി,തിരുവനന്തപുരം, 19-05-2026

---

**ഉത്തരവ്**

നിയമ വകുപ്പിലെ ചുവടെ പറയുന്ന തസ്തികകൾ ഭരണ സൗകര്യാർത്ഥം പുന:ക്രമീകരിച്ചു കൊണ്ടും, അണ്ടർ സെക്രട്ടറി തലം മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർക്ക് സ്ഥലംമാറ്റം / നിയമനം ഉടൻ പ്രാബല്യത്തിൽ നൽകി കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) നിയമ (ഇൻസ്പെക്ഷൻ - ബി, എച്ച്, യൂണിഫൈഡ് സ്പെഷ്യൽ സെൽ) വകുപ്പുകളുടെ അഡീഷണൽ നിയമ സെക്രട്ടറിയുടെ തസ്തികയും നിയമ (ഭരണ) വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ തസ്തികയും പരസ്പരം മാറ്റി പുന:ക്രമീകരിക്കുന്നു.

(ii) നിയമ (ഭരണ) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ തസ്തികയും നിയമ (കൺവേയൻസിങ് സെൽ) വകുപ്പ് അണ്ടർ സെക്രട്ടറിയുടെ തസ്തികയും പരസ്പരം മാറ്റി പുന:ക്രമീകരിക്കുന്നു.

**അഡീഷണൽ നിയമ സെക്രട്ടറി ( 123700-166800 രൂപ ശമ്പള സ്കെയിൽ)**

(1) നിയമ (നിയമനിർമ്മാണ എ. ബി. & സി.) വകുപ്പുകളുടെ അഡീഷണൽ നിയമ സെക്രട്ടറിയായ ശ്രീ. പ്രതാപചന്ദ്രൻ ബി (PEN 152930) -ക്ക് സ്ഥലംമാറ്റം നൽകി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ രജിസ്ട്രാറായി, ശ്രീമതി രേണുക ദേവി ബി.എസ് ന് സ്ഥലം മാറ്റം നൽകുന്നതിനെ തുടർന്നുണ്ടാകുന്ന ഒഴിവിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുന്നു.

(2) നിയമ (നിയമ നിർമ്മാണ എച്ച് & ഐ, തമിഴ് കന്നഡ ട്രാൻസ്ലേഷൻ) അഡീഷണൽ നിയമ സെക്രട്ടറിയായ ശ്രീമതി. രഹന വി എം (പെൻ - 192650) -ന് സ്ഥലംമാറ്റം നൽകി, കേരള വാട്ടർ അതോറിറ്റിയിൽ, ചീഫ് ലാ ഓഫീസറായി, ശ്രീ സി. ഡി. ശ്രീനിവാസ് -ന് സ്ഥലം മാറ്റം നൽകുന്നതിനെ തുടർന്നുണ്ടാകുന്ന ഒഴിവിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുന്നു.

(3) അഡീഷണൽ നിയമ സെക്രട്ടറിയും നിലവിൽ അന്യത്രസേവന വ്യവസ്ഥയിൽ കേരള

സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ രജിസ്ട്രാർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി രേണുക ദേവി ബി.എസ് (PEN: 152203) -ന്റെ അന്യത്രസേവനം അവസാനിപ്പിച്ച് നിയമവകുപ്പിൽ തിരികെ പ്രവേശിപ്പിച്ച് നിയമ (നിയമനിർമ്മാണ എച്ച് & ഐ തമിഴ് കന്നഡ ട്രാൻസ്ലേഷൻ) വകുപ്പുകളുടെ അഡീഷണൽ നിയമ സെക്രട്ടറിയായി നിയമിക്കുന്നു.

(4) അഡീഷണൽ നിയമ സെക്രട്ടറിയും നിലവിൽ അന്യത്രസേവന വ്യവസ്ഥയിൽ കേരള വാട്ടർ അതോറിറ്റിയിൽ ചീഫ് ലാ ഓഫീസറായി സേവനമനുഷ്ഠിക്കുന്ന ശ്രീ സി. ഡി. ശ്രീനിവാസ് (PEN: 152274) -ന്റെ അന്യത്രസേവനം അവസാനിപ്പിച്ച് നിയമവകുപ്പിൽ തിരികെ പ്രവേശിപ്പിച്ച് പുന:ക്രമീകരിച്ച തസ്തികയിൽ നിയമ (ഭരണ) വകുപ്പ് അഡീഷണൽ നിയമ സെക്രട്ടറിയായി നിയമിക്കുന്നു.

(5) അഡീഷണൽ നിയമ സെക്രട്ടറിയും നിലവിൽ അന്യത്രസേവന വ്യവസ്ഥയിൽ കേരള സംസ്ഥാന വിവരാവകാശ കമ്മീഷനിൽ ലീഗൽ എക്സ്പേർട്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. സുരേഷ് കുമാർ എസ് (PEN: 152169) -ന്റെ അന്യത്രസേവനം അവസാനിപ്പിച്ച് നിയമവകുപ്പിൽ തിരികെ പ്രവേശിപ്പിച്ച്, ശ്രീ. പ്രതാപചന്ദ്രൻ ബി -ക്ക് സ്ഥലം മാറ്റം നൽകുന്നതിനെ തുടർന്നുണ്ടാകുന്ന ഒഴിവിൽ നിയമ (നിയമനിർമ്മാണ എ, ബി & സി) വകുപ്പുകളുടെ അഡീഷണൽ നിയമ സെക്രട്ടറിയായി നിയമിക്കുന്നു.

**<u>II. ജോയിന്റ് സെക്രട്ടറി ( 118100-163400 രൂപ ശമ്പള സ്കെയിൽ)</u>**

(1) നിയമ (നോഡൽ & കെ എൽ ബി എഫ്) വകുപ്പുകളുടെ ജോയിന്റ് സെക്രട്ടറിയായ ശ്രീ. സുനിൽകുമാർ വി. ആർ (PEN 152241) -നെ നിയമവകുപ്പിലെ ജോയിന്റ് സെക്രട്ടറിയായ ശ്രീ. ഗിരീഷ് കുമാർ ജി -ക്ക് സ്ഥലംമാറ്റം നൽകുന്നതിനെ തുടർന്നുണ്ടാകുന്ന ഒഴിവിൽ നിയമ (നിയമനിർമ്മാണ എ, ബി & സി) വകുപ്പുകളുടെ ജോയിന്റ് സെക്രട്ടറിയായി നിയമിക്കുന്നു.

(2) നിയമ (നിയമനിർമ്മാണ എ, ബി & സി) വകുപ്പുകളുടെ ജോയിന്റ് സെക്രട്ടറിയായ ശ്രീ. ഗിരീഷ് കുമാർ ജി (PEN 134568) -ക്ക് സ്ഥലംമാറ്റം നൽകി കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിൽ സീനിയർ ലാ ഓഫീസറായി, ശ്രീ. കൃഷ്ണകുമാർ വി. ആർ നെ സ്ഥലംമാറ്റം നൽകുന്നതിനെ തുടർന്നുണ്ടാകുന്ന ഒഴിവിൽ, അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുന്നു.

(3) ജോയിന്റ് സെക്രട്ടറിയും നിലവിൽ അന്യത്രസേവന വ്യവസ്ഥയിൽ കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിൽ സീനിയർ ലാ ഓഫീസറായി സേവനമനുഷ്ഠിക്കുന്ന ശ്രീ. കൃഷ്ണകുമാർ വി. ആർ (PEN: 106815) ന്റെ അന്യത്രസേവനം അവസാനിപ്പിച്ച് നിയമവകുപ്പിൽ തിരികെ

പ്രവേശിപ്പിച്ച് പുന:ക്രമീകരിച്ച തസ്തികയിൽ നിയമ (ഇൻസ്പെക്ഷൻ ബി, എച്ച്, യൂണിഫൈഡ് സ്പെഷ്യൽ സെൽ) വകുപ്പുകളുടെ ജോയിന്റ് സെക്രട്ടറിയായി നിയമിക്കുന്നു.

<u>ഡെപ്യൂട്ടി സെക്രട്ടറി (107800-160000 രൂപ ശമ്പള സ്കെയിൽ)</u>

1) നിയമ (യൂണിഫൈഡ് സ്പെഷ്യൽ സെൽ) വകുപ്പിന്റെ ഡെപ്യൂട്ടി സെക്രട്ടറിയായ ശ്രീ. പ്രാൺ ഐ ബി (PEN 193555) -ക്ക് സ്ഥലം മാറ്റം നൽകുന്നു.

2) ഡെപ്യൂട്ടി സെക്രട്ടറിയും നിലവിൽ വനിതാ ശിശുവികസന വകുപ്പിൽ ലീഗൽ ഓഫീസറുമായി സേവനമനുഷ്ഠിക്കുന്ന ശ്രീമതി. ഷാൽബി ബെൻ യാസ്മിൻ റ്റി. കെ (PEN 672760) -ക്ക്, സ്ഥലം മാറ്റം നൽകി നിയമ (യൂണിഫൈഡ് സ്പെഷ്യൽ സെൽ) വകുപ്പിന്റെ ഡെപ്യൂട്ടി സെക്രട്ടറിയായി, ശ്രീ. പ്രാൺ ഐ ബി -യെ സ്ഥലം മാറ്റം നൽകുന്നതിനെ തുടർന്നുണ്ടാകുന്ന ഒഴിവിൽ നിയമിക്കുന്നു.

3) ഡെപ്യൂട്ടി സെക്രട്ടറിയും നിലവിൽ പാലക്കാട് ജില്ലാ കളക്ടേറ്റിൽ ജില്ലാ ലാ ഓഫീസറുമായി സേവനമനുഷ്ഠിക്കുന്ന ശ്രീ. രാജ് എ.എ (PEN 613671) -ക്ക് സ്ഥലംമാറ്റം നൽകി ശ്രീ. നൗഷാദ് എസ് നെ സ്ഥലം മാറ്റം നൽകുന്നതിനെ തുടർന്നുണ്ടാകുന്ന ഒഴിവിൽ, നിയമ (അക്കൗണ്ട്സ്, ട്രാൻസ് ലേഷൻ) വകുപ്പുകളുടെ ഡെപ്യൂട്ടി സെക്രട്ടറിയായി നിയമിക്കുന്നു. നിയമ വകുപ്പിലെ ഡ്രോയിങ് & ഡിസ്ബേഴ്സിംഗ് ഓഫീസറുടെ ചുമതലയും ടി ഉദ്യോഗസ്ഥൻ നിർവഹിക്കേണ്ടതാണ്.

4) നിയമ (അക്കൗണ്ട്സ്, ട്രാൻസ്ലേഷൻ) വകുപ്പുകളുടെ ഡെപ്യൂട്ടി സെക്രട്ടറിയും നിലവിൽ ഡ്രോയിങ് & ഡിസ്ബേഴ്സിംഗ് ഓഫീസറുടെ ചുമതലയും വഹിക്കുന്ന ശ്രീ. നൗഷാദ് എസ് (PEN 207731)-ന് ഡിസ്ബേഴ്സിംഗ് ഓഫീസറുടെ ചുമതലയിൽ നിന്നും വിടുതൽ ചെയ്ത്, പാലക്കാട് ജില്ലാ കളക്ടേറ്റിൽ ജില്ലാ ലാ ഓഫീസറായി, ശ്രീ. രാജ് എ.എ ക്ക് സ്ഥലം മാറ്റം നൽകുന്നതിനെ തുടർന്നുണ്ടാകുന്ന ഒഴിവിൽ നിയമിക്കുന്നു.

<u>IV. അണ്ടർ സെക്രട്ടറി ((63700-123700 രൂപ ശമ്പള സ്കെയിൽ)</u>

1) അണ്ടർ സെക്രട്ടറിയും നിലവിൽ ഡയറക്ടറേറ്റ് ഓഫ് അർബൻ അഫയേഴ്സിൽ ലാ ഓഫീസറുമായി സേവനമനുഷ്ഠിക്കുന്ന ശ്രീമതി ഷീബ വി. എസ് (PEN: 698162) ന് സ്ഥലംമാറ്റം നൽകി, പുന:ക്രമീകരിച്ച തസ്തികയിൽ നിയമ (ഭരണ) വകുപ്പുകളുടെ അണ്ടർ സെക്രട്ടറിയായി നിയമിക്കുന്നു.

2) അണ്ടർ സെക്രട്ടറിയായ ശ്രീമതി സിസ്ലു വി എസ് (PEN 514985) ന് സ്ഥലംമാറ്റം നൽകി,

ശ്രീമതി ഷീബ വി. എസ് -ന് സ്ഥലം മാറ്റം നൽകുന്നതിനെ തുടർന്നുണ്ടായ ഒഴിവിൽ, ഡയറക്ടറേറ്റ് ഓഫ് അർബൻ അഫയേഴ്സിൽ ലാ ഓഫീസറായി നിയമിക്കുന്നു.

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആർ.റ്റി.സി പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പിൽ ഹാജരാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (നിയമ വകുപ്പ് മുഖേന).
നിയമ വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.
രജിസ്ട്രാർ, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം.
ചെയർമാൻ, കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം.
ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, തിരുവനന്തപുരം.
കളക്ടർ, പാലക്കാട്.
ഡയറക്ടർ, ആർബൻ അഫയേഴ്സ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Cuckoo Abraham
Date: 20-05-2026 10:55:43
സെക്ഷൻ ഓഫീസർ.